# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) കാർഷിക ഉപകരണങ്ങളുടെ ജി.എസ്.ടി നിരക്കുകൾ കുറയുന്നതിൻറെ പ്രയോജനം കർഷകർക്ക് ഉറപ്പ് വരുത്തണമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ; രാജ്യത്ത് പുതിയ ചരക്ക് സേവന നികുതി നിരക്കുകൾ തിങ്കളാഴ്ച മുതൽ പ്രാബല്യത്തിൽ.

   **Union Agriculture Minister Shivraj Singh Chouhan today said that the benefits of recent reduction of GST rates on agricultural machinery and equipment should directly accrue to farmers in real time, starting September 22.**

2) കേരള- യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി കോൺക്ലേവിൻറെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു.

   **Kerala Chief Minister Pinarayi Vijayan inaugurated the Kerala–European Union Blue Economy Conclave in Thiruvananthapuram.**

3) രാജ്യത്തിൻറെ സാമ്പത്തിക രംഗത്ത് മത്സ്യബന്ധന മേഖലയ്ക്ക് വലിയ സ്ഥാനമുണ്ടെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്; മത്സ്യബന്ധന മേഖലയിലെ ക്ഷേമം ലക്ഷ്യമിട്ടാണ് സാഗർമാല പദ്ധതി രാജ്യത്ത് കൊണ്ടുവന്നതെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ.

**Fisheries sector holds a significant place in the country's economy, says Union Minister Rajeev Ranjan Singh; the Sagarmala project was introduced to ensure the welfare of the fisheries sector, says Union Minister Sarbananda Sonowal.**

4) പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ചുള്ള എം.എൽ.എ മാരുടെ സത്യാഗ്രഹത്തിൽ സർക്കാർ ഇടപെടാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇന്ന് നിയമസഭാ നടപടികൾ ബഹിഷ്ക്കരിച്ചു.

**The opposition boycotted Kerala assembly proceedings today in protest against the government's inaction over the MLAs' strike against alleged police atrocities.**

5) ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഒമാനെ നേരിടും. മത്സരം രാത്രി 8 മണിയ്ക്ക്.

**In Asia Cup T20 cricket, India to take on Oman in final Group A match at Sheikh Zayed Stadium in Abu Dhabi this evening.**

## SHIVRAJ - GST MEETING (INTRO)

കാർഷിക ഉപകരണങ്ങളുടെ ജി.എസ്.ടി നിരക്കുകൾ 5 ശതമാനമാക്കി കുറയ്ക്കുന്നതിൻറെ പ്രയോജനം കർഷകർക്ക് ഉറപ്പ് വരുത്തണമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കാർഷിക മേഖലയിലെ ജി.എസ്.ടി പരിഷ്കാരങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ന്യൂഡൽഹിയിൽ ചേർന്ന യോഗത്തിന് അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. 12 മുതൽ 18 ശതമാനം വരെയായിരുന്ന കാർഷിക ഉപകരണങ്ങളുടെ ജി.എസ്.ടി, ഘടനാ പരിഷ്കരണത്തിൻറെ ഭാഗമായി തിങ്കളാഴ്ച മുതലാണ് 5 ശതമാനമായി കുറയുന്നത്. കർഷകർക്ക് ഗണ്യമായ വരുമാന വർദ്ധന ഇതിലൂടെ ഉണ്ടാകുമെന്നും ശ്രീ ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.

( വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## GST-ADVISORY

പുതുക്കിയ GST നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതിന് മുന്നോടിയായി കേന്ദ്ര ഉപഭോക്തൃകാര്യ മന്ത്രാലയം ഉത്പാദകർക്കും, ഇറക്കുമതിക്കാർക്കും, വിതരണക്കാർക്കുമായി മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഈ മാസം 22-ന് മുമ്പ് നിർമ്മിച്ച, ഇനിയും വിൽക്കാനുള്ള ഉത്പന്നങ്ങളിൽ പുതുക്കിയ വില സ്റ്റിക്കറുകൾ പതിപ്പിക്കണം. പാക്കേജിൽ പഴയ MRP വ്യക്തമായിരിക്കണമെന്നും നിർദേശത്തിൽ പറയുന്നു. GST പരിഷ്കരണത്തിന് മുമ്പ്, അച്ചടിച്ച പാക്കേജിംഗ് മെറ്റീരിയലുകളും, റാപ്പറുകളും 2026 മാർച്ച് വരെ ഉപയോഗിക്കാമെന്നും പുതുക്കിയ നിർദ്ദേശത്തിൽ പറയുന്നു. രാജ്യത്ത് പുതിയ ചരക്ക് സേവന നികുതി നിരക്കുകൾ തിങ്കളാഴ്ച മുതലാണ് പ്രാബല്യത്തിൽ വരുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸

## BLUE ECONOMY (INTRO)

പുനരുപയോഗ ഊർജ മേഖലയിൽ യൂറോപ്യൻ യൂണിയന്റെ അനുഭവ പരിചയം കേരളത്തിന് പ്രയോജനപ്പെടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് കേരള- യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വ്യാവസായിക മേഖലയ്ക്ക് അനുകൂലമായ സാഹചര്യം സംസ്ഥാനത്തുണ്ടെന്നും, വിഴിഞ്ഞം തുറമുഖം ആഗോള വ്യാപാര രംഗത്ത് സംസ്ഥാനത്തെ അടയാളപ്പെടുത്തിയതായും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. രാജ്യത്തിൻറെ സാമ്പത്തിക രംഗത്ത് മത്സ്യബന്ധന മേഖലയ്ക്ക് വലിയ സ്ഥാനമുണ്ടെന്ന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. മത്സ്യ ബന്ധന മേഖലയെ പരിപോഷിപ്പിക്കാൻ മത്സ്യ സമ്പദ യോജന ഉൾപ്പെടെ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നതായും അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ് വോയ്സ്.........)**

രാജ്യത്തിൻറെ വളർച്ചയ്ക്ക് സമുദ്ര മേഖലയ്ക്ക് നിർണായക സ്ഥാനമുണ്ടെന്ന് ചടങ്ങിൽ ഓൺലൈനായി പങ്കെടുത്ത കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ അഭിപ്രായപ്പെട്ടു. മത്സ്യബന്ധന മേഖലയിലെ ക്ഷേമം ലക്ഷ്യമിട്ടാണ് സാഗർമാല പദ്ധതി രാജ്യത്ത് കൊണ്ടുവന്നതെന്നും മന്ത്രി പറഞ്ഞു. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രിമാരായ സജി ചെറിയാൻ, ജെ ചിഞ്ചു റാണി തുടങ്ങിയവരും ചടങ്ങിൽ സന്നിഹിതനായിരുന്നു.

## KERALA ASSEMBLY

പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ചുള്ള എംഎൽഎമാരുടെ സത്യാഗ്രഹത്തിൽ നടപടിയില്ലെന്ന് കുറ്റപ്പെടുത്തി പ്രതിപക്ഷം ഇന്ന്

നിയമസഭാ നടപടികൾ ബഹിഷ്ക്കരിച്ചു. കുന്നംകുളം കസ്റ്റഡി മർദ്ദനത്തിൽ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരെ പിരിച്ച് വിടണമെന്ന് ആവശ്യപ്പെട്ട് രണ്ട് പ്രതിപക്ഷ എംഎൽഎ മാർ കഴിഞ്ഞ നാല് ദിവസമായി നിയമസഭാ കവാടത്തിൽ സത്യാഗ്രഹം നടത്തി വരികയാണ്. സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കാത്തതിൽ ശക്തമായ പ്രതിഷേധമുണ്ടെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ സഭയിൽ വ്യക്തമാക്കി. ശബരിമലയിലെ സ്വർണം കാണാതായതുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇന്ന് വാക്കൗട്ടും ചെയ്തിരുന്നു. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് അടിയന്തര പ്രമേയത്തിനു നോട്ടീസ് നൽകിയത്. എന്നാൽ ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ നോട്ടീസ് സ്വീകരിക്കാനാവില്ലെന്ന് സ്പീക്കർ വ്യക്തമാക്കി. കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങൾ ചർച്ച ചെയ്ത കീഴ് വഴക്കങ്ങളുണ്ടെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ പറഞ്ഞെങ്കിലും അടിയന്തര പ്രമേയത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു. വിദ്യാർത്ഥികളെ മുഖംമൂടിയും വിലങ്ങും ധരിപ്പിച്ച് കോടതിയിൽ ഹാജരാക്കിയ വിഷയത്തിൽ പ്രതിപക്ഷ നേതാവിന്റെ സബ്മിഷനും സഭ ഇന്ന് പരിഗണിച്ചു. വിലങ്ങു വെച്ച നടപടിയോട് സർക്കാരിനു യോജിപ്പില്ലെന്ന് മുഖ്യമന്ത്രിക്കു വേണ്ടി മന്ത്രി വി എൻ വാസവൻ വ്യക്തമാക്കി.

## V.SIVANKUTTY – NIYAMASABHA

ഓൺലൈൻ ഡെലിവറി നടത്തുന്ന ഗിഗ് തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കാൻ ബില്ല് കൊണ്ടുവരുന്നത് സർക്കാരിൻറെ പരിഗണനയിലാണെന്ന് മന്ത്രി വി ശിവൻകുട്ടി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് മികച്ച സൗകര്യങ്ങളാണ് സംസ്ഥാനത്ത് ലഭിക്കുന്നതെന്നും അദ്ദേഹം നിയമസഭയിൽ പറഞ്ഞു. തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന്

ഉറപ്പാക്കാൻ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധനകൾ നടക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

## V. SIVANKUTTY-HEALTH

നിയമസഭയിലെ ചോദ്യോത്തര വേളയിൽ മറുപടി നൽകുന്നതിനിടെ ശാരീരിക ബുദ്ധിമുട്ട് അനുഭവപ്പെട്ട മന്ത്രി വി. ശിവൻകുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരോഗ്യനില തൃപ്തികരമാണെന്ന് മന്ത്രിയുടെ ഓഫീസ് പിന്നീട് അറിയിച്ചു.

## SEVA PARV - TRIBAL EMPOWERMENT (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ ഗോത്ര വർഗ ശാക്തീകരണത്തിനായി നടപ്പാക്കിയ പ്രവർത്തനങ്ങളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

ലോകത്തിലെ തന്നെ ഏറ്റവും വൈവിധ്യപൂർണ്ണമായ ഗോത്ര ജനതയുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. 10 കോടി 45 ലക്ഷത്തിലധികമാണ് രാജ്യത്തെ ഗോത്ര ജനസംഖ്യ . ഗോത്ര സമൂഹങ്ങളുടെ ശാക്തീകരണത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

( പി.എം- വോയിസ്)

ഗോത്രവിഭാഗങ്ങളുടെ ഉന്നമനം ഉറപ്പാക്കുന്നതിനുള്ള പ്രധാനമന്ത്രി ജൻ ജാതി ആദിവാസി ന്യായ് അഭിയാനായി, 24,000 കോടി രൂപയാണ് കേന്ദ്രസർക്കാർ വകയിരുത്തിയിരിക്കുന്നത്.

(മ്യൂസിക്-ക്ലോസിങ്ങ്)

## GLOBAL AYYAPPA SANGAMAM

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പമ്പയിൽ നാളെ സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 16 രാജ്യങ്ങളിൽ നിന്നായി 3,000 -ത്തോളം പ്രതിനിധികൾ പങ്കെടുക്കും. ശബരിമലയെ ആഗോള തീർത്ഥാടന കേന്ദ്രമാക്കുകയാണ് അയ്യപ്പ സംഗമത്തിലൂടെ ലക്ഷ്യമിടുന്നത്.

## LAKSHADWEEP- FISHING

ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയുടെ വികസനം സംബന്ധിച്ച അവലോകന യോഗം നാളെ കൊച്ചിയിൽ നടക്കും. കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ്, കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയവർ പങ്കെടുക്കും. ട്യൂണ മത്സ്യബന്ധനം, കടൽപ്പായൽ, അലങ്കാര മൽസ്യങ്ങൾ എന്നീ മേഖലകളിലാണ് യോഗം ശ്രദ്ധ കേന്ദ്രീകരിക്കുക.

## SHORT FILM - PM

ദേശീയ അവാർഡ് നേടിയ ഹ്രസ്വ ചിത്രം 'ചലോ ജീത്തേ ഹൈ' രാജ്യവ്യാപകമായി റീ-റിലീസ് ചെയ്യു. പ്രധാനമന്ത്രിയുടെ ബാല്യകാലം പ്രമേയമാക്കി ചിത്രീകരിച്ച ബയോപിക് ഷോർട്ട് ഫിലിമാണിത്. സ്കൂളുകളിലും 500 ഓളം സിനിമാ ശാലകളിലും ഒക്ടോബർ 2 വരെ പ്രത്യേക പ്രദർശനമുണ്ടാകും.

## SWASTH NAARI, SHASHAKTH PARIVAAR CAMPAIGN

ലക്ഷദ്വീപിലെ വിവിധ ദ്വീപുകളിൽ, സ്വസ്ഥ് നാരി, സശക്ത് പരിവാർ ക്യാമ്പയിൻ ആരംഭിച്ചു. ഗാന്ധി ജയന്തി ദിനം വരെ നീണ്ട് നിൽക്കുന്ന കാമ്പയിനിലൂടെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ പരിരക്ഷ, പോഷകാഹാര ക്രമങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## ASIA CUP

ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റ് ഗ്രൂപ്പ് എ അവസാന മത്സരത്തിൽ, ഇന്ത്യ ഇന്ന് ഒമാനെ നേരിടും. അബുദാബി ഷേഖ് സയെദ് സ്റ്റേഡിയത്തിൽ രാത്രി 8 നാണ് മത്സരം. ഗ്രൂപ്പ് എ യിൽനിന്ന് ഇന്ത്യയും പാകിസ്ഥാനുമാണ് സൂപ്പർ ഫോറിലെത്തിയ ടീമുകൾ. ഗ്രൂപ്പ് ബിയിൽ നിന്നും മൂന്നു വിജയവുമായി ശ്രീലങ്കയും രണ്ടു ജയവുമായി ബംഗ്ലാദേശും സൂപ്പർ ഫോറിൽ കടന്നു. സൂപ്പർ ഫോറിൽ നാളെ ശ്രീലങ്ക, ബംഗ്ലാദേശിനെ നേരിടും.

☸☸☸☸☸☸☸☸☸☸☸☸☸

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 489 പോയിന്റ് ഇടിഞ്ഞ് 82,524 ലും, നിഫ്റ്റി 130 പോയിന്റ് നഷ്ടത്തിൽ 25,292 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കൂടി. പവന് 120 രൂപ കൂടി 81,640 രൂപയും ഗ്രാമിന് 10,205 രൂപയുമാണ് ഇന്നത്തെ വില.

☸☸☸☸☸☸☸☸☸☸☸☸☸

## **RUSSIA-EARTHQUAKE**

കിഴക്കൻ റഷ്യയിലെ കംചത്ക മേഖലയിൽ ശക്തമായ ഭൂചലനം. റിക്ടർ സ്കെയിലിൽ 7.8 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഇന്ന് രാവിലെയാണുണ്ടായത്. അഞ്ച് തുടർചലനങ്ങളും ഉണ്ടായി. മേഖലയിലുടനീളം സുനാമി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കാര്യമായ നാശനഷ്ടങ്ങളോ ജീവഹാനിയോ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.